ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**No.Acd/Spc(1)/68979/2015/(HSE)/2015** **തീയതി : 23.04.2016**

# <u>സർക്കുലർ</u>

**വിഷയം**:-പാഠപുസ്തക വിതരണം - സംബന്ധിച്ച്.

2016-17 അധ്യയന വർഷത്തെ പാഠപുസ്തകങ്ങൾക്കുള്ള ഓൺലൈൻ ഇന്റന്റിംഗ് പൂർത്തിയായ ശേഷവും ഏതാനും സ്ക്കൂളുകളിലെ പ്രിൻസിപ്പൽമാർ ആയത് ശരിയാംവണ്ണം പൂർത്തിയാക്കിയിട്ടില്ലെന്നറിയുന്നു. വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിനായി യഥാസമയം ഇന്റന്റു ചെയ്യാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നതാണ്.

ഇപ്രകാരം ഇനിയും പാഠപുസ്തക ഇന്റന്റിംഗ് പൂർത്തിയാക്കാത്തവർക്കായി നേരിട്ട് ഓഫ്ലൈനായി ഇന്റന്റ് സമർപ്പിക്കുന്നതിനായി ഒരു അവസരം കൂടി നൽകുന്നു. www.captkerala.com എന്ന വെബ്സൈറ്റിലെ പ്രൊഫോർമയിൽ നിർദ്ദേശിക്കുന്ന പ്രകാരം ആയത് Managing Director, Centre for Advanced Printing and Training, Vattiyoorkkavu, Thiruvananthapuram 695013 വിലാസത്തിൽ എത്രയും പെട്ടെന്ന് തന്നെ ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി www.captkerala.com എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

ഇന്റന്റ് ചെയ്ത പാഠപുസ്തകങ്ങൾക്കുള്ള തുക അൺഎയ്ഡഡ് സ്ക്കൂൾ പ്രിൻസിപ്പൽമാർ മുൻകൂറായി ഒടുക്കിയെങ്കിലേ പാഠപുസ്തകങ്ങൾ ലഭ്യമാക്കുകയുള്ളൂ. ആയത് ഇനിയും നൽകാനുള്ളവർ ടി തുക Managing Director, C-Apt എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി യായി 30.04.2016 നു മുമ്പായിത്തന്നെ Managing Director, Centre for Advanced Printing and Training, Vattiyoorkkavu, Thiruvananthapuram എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

**ഒപ്പ്/-**
**ജോയിന്റ് ഡയറക്ടർ**
**(അക്കാഡമിക്)**